## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : 2126

19.06.2012-ൽ
മറുപടിക്ക്.

### എമർജിംഗ് കേരള 2012

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ശശി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) എമർജിംഗ് കേരള 2012 ന്റെ ഭാഗമായി 2012 മേയ് 12 ന് മുംബൈയിൽ നടന്ന ബിസിനസ്സ് മീറ്റിൽ രാജ്യത്തിനകത്തു നിന്നും പുറത്തു നിന്നും എത്ര കമ്പനികൾ പങ്കെടുത്തുവെന്ന് വെളിപ്പെടുത്തുമോ; ഇതിൽ എത്ര കമ്പനികൾ മുതൽ മുടക്കാൻ തയ്യാറെന്ന് അറിയിച്ചിട്ടുണ്ടെന്ന് പറയാമോ; | (എ) എമർജിംഗ് കേരള 2012 ന്റെ ഭാഗമായി 2012 മേയ് 15 ന് മുംബൈയിൽ നടന്ന ബിസിനസ്സ് മീറ്റിൽ മുംബൈയിലെ പ്രമുഖ വ്യവസായ ഗ്രൂപ്പുകളായ ടാറ്റ, ബിർള ഹിന്ദുജ, മഹീന്ദ്ര & മഹീന്ദ്ര, കോട്ടക്, വെൽസ്പൺ, ജെ&ജെ, ഒസ്വാൾ ഇൻഡസ്ട്രീസ്, യുണൈറ്റഡ് ഫോസ്ഫറസ്, റോൾട്ടാ, ബി.പി.സി.എൽ, മാരികോ തുടങ്ങിയവരുടെ പ്രതിനിധികൾ പങ്കെടുത്തു.ഇവരിൽ പലരും സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിൽ താല്പര്യം അറിയിച്ചിട്ടുണ്ട്. |
| (ബി) എമർജിംഗ് കേരള 2012 മായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ? | (ബി) എമർജിംഗ് കേരള 2012 മായി ബന്ധപ്പെട്ട് ഈ സംഗമത്തിന്റെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി നാളിതുവരെ ഏകദേശം 196.36 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ